(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വ്യാജമദ്യത്തിനെതിരെ ജില്ലാ ഭരണകൂടങ്ങൾ ഗവൺമെന്റിന് എത്ര റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്;

(ബി) ഇത്തരം റിപ്പോർട്ടുകൾ ലഭിക്കുമ്പോൾ അതിന്മേൽ എന്തെല്ലാം നടപടികളാണ് എടുക്കാറുള്ളത്;

(സി) കൊല്ലം ജില്ലയിൽ 2000 ഒക്ടോബർ മാസത്തിൽ കല്ലുവാതുക്കൽ, പള്ളിക്കൽ എന്നിവിടങ്ങളിലുണ്ടായ വ്യാജമദ്യദുരന്തത്തിന് ഉത്തരവാദികളായവരെപ്പറ്റി ജില്ലാഭരണകൂടം ഗവൺമെന്റിന് റിപ്പോർട്ടു നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ബി) റിപ്പോർട്ട് ലഭിക്കുമ്പോൾ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ നടപടി

60 (393) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അബ്കാരി കോൺട്രാക്ടർമാർക്ക് മദ്യവില്പനയ്ക്ക് കരാർ നൽകുമ്പോൾ അവർ നേരിട്ടോ അല്ലാതെയോ നൽകുന്ന മദ്യംമൂലം മരണമോ കെടുതിയോ സംഭവിക്കുന്നപക്ഷം മരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കും കെടുതിക്കിരയാകുന്നവർക്കും ഉയർന്ന തുകയ്ക്കുള്ള നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ എക്സൈസ് വകുപ്പും പോലീസ് വകുപ്പും ശക്തമായ റെയിഡുകൾ സംഘടിപ്പിക്കുകയും, വാഹനപരിശോധന ശക്തമാക്കുകയും അംഗീകൃത മദ്യഷാപ്പുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തുവരുന്നു.

(ബി) ഈ കാര്യം വിശദമായി പരിശോധിക്കേണ്ട കാര്യമാണ്.

വിഷമദ്യത്തെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

61 (394) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1.12.2000 വരെ എക്സൈസ് വകുപ്പ് എത്ര

LIBRARY ARCHIVES Kerala Legislative Assembly

കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര എണ്ണത്തിൽ ആരെല്ലാം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ്-എക്സൈസ് ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും മാസപ്പടി വാങ്ങുന്നതായി ഇതിനകം എത്ര ഡയറികൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡയറികളിൽ മാസപ്പടി വാങ്ങുന്നതായി ഏതെല്ലാം ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയനേതാക്കളുടെയും പേരുകളാണ് കണ്ടെത്തിയതെന്നും ഇവർ എന്തു തുക വീതമാണ് വാങ്ങിയിട്ടുള്ളതെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) കല്ലുവാതുക്കൽ, പള്ളിക്കൽ, നമ പള്ളിപ്പുറം എന്നീ വിഷമദ്യ ദുരന്തങ്ങൾക്ക് ഉത്തരവാദികളായ ഏതെല്ലാം എക്സൈസ് ഉദ്യോഗസ്ഥരുടെ പേരിലാണ് നടപടികൾ എടുത്തിട്ടുള്ളതെന്നും അവർ ഓരോരുത്തരുടെയും പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ള കുറ്റങ്ങൾ എന്തെല്ലാമാണെന്നും വിശദാംശം സഹിതം വ്യക്തമാക്കാമോ;

(ഇ) എക്സൈസ് ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയനേതാക്കളുടെയും മദ്യദുരന്തത്തിലുള്ള പങ്ക് വെളിയിൽ കൊണ്ടുവരുന്നതിനും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യജമദ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1.12.2000 വരെ എക്സൈസ് വകുപ്പ് 25.139 (ഇരുപത്തയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തൊമ്പത്) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2184 (രണ്ടായിരത്തി ഒരുനൂറ്റി എൺപത്തിനാല്) കേസുകളിലായി 2276 (രണ്ടായിരത്തി ഇരുനൂറ്റി എഴുപത്താറ്) ആളുകളെ കോടതി ശിക്ഷിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 9092/എ2/2000/വിജിലൻസ് നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലയിൽ മാസപ്പടി പറ്റിയ കുറ്റം ആരോപിച്ച് താഴെപറയുന്ന ഉദ്യോഗസ്ഥർക്കെതിരെ ചാർജ് മെമ്മോ നൽകിയിട്ടുണ്ട്.

1. സി.ജെ. ബാബു, അസി. എക്സൈസ് കമ്മിഷണർ - 50,000 രൂപ
2. മോഹൻദാസ്, സർക്കിൾ ഇൻസ്പെക്ടർ ഓഫ് എക്സൈസ്-60,000 രൂപ.
3. സോമരാജൻപിള്ള, സർക്കിൾ ഇൻസ്പെക്ടർ (എക്സൈസ്) - 1,05,000 രൂപ.
4. ത്യാഗരാജൻ, സർക്കിൾ ഇൻസ്പെക്ടർ (എക്സൈസ്) - 5,000 രൂപ.
5. സലിംകുമാർ, എക്സൈസ് ഇൻസ്പെക്ടർ - 95,000 രൂപ.
6. തോമസ് കെ. എബ്രഹാം, എക്സൈസ് ഇൻസ്പെക്ടർ - 5,000 രൂപ.

കൂടാതെ തൃശൂർ ജില്ലയിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർ മാസപ്പടി പറ്റിയെന്ന ആരോപണത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

1. ഭരതൻ, അസി. എക്സൈസ് കമ്മിഷണർ (റിട്ടയേഡ്)
2. ഭാസ്കരൻ നമ്പ്യാർ, എക്സൈസ് കമ്മിഷണർ (റിട്ടയേഡ്)

LIBRARY ARCHIVES Kerala Legislative Assembly

3. റ്റി. വാസു, സർക്കിൾ ഇൻസ്പെക്ടർ
4. കെ.എം. ഇസ്മെയിൽ, സർക്കിൾ ഇൻസ്പെക്ടർ
5. ഹരിദാസ്, സർക്കിൾ ഇൻസ്പെക്ടർ
6. പി.ആർ. ഇബ്രാഹിം, സർക്കിൾ ഇൻസ്പെക്ടർ
7. ടി.എം. വേലായുധൻ, സർക്കിൾ ഇൻസ്പെക്ടർ
8. പി.എ. ചന്ദ്രൻ, എക്സൈസ് ഇൻസ്പെക്ടർ.
9. ടി. രാധാകൃഷ്ണൻ, ''

(ഡി) പതിനേഴ് എക്സൈസ് ഉദ്യോഗസ്ഥന്മാരെ സർവീസിൽ നിന്നും അന്വേഷണവിധേയമായി സസ്പെന്റു ചെയ്തിട്ടുണ്ട്. അവരുടെ പേരു വിവരം താഴെ പറയുന്നു.

1. ആർ. ദിനകരൻ, ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ ദക്ഷിണമേഖല.
2. കെ. വാസുദേവൻ, അസി.എക്സൈസ് കമ്മിഷണർ, കൊല്ലം.
3. മുഹമ്മദു റഷീദ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കൊല്ലം.
4. ഫസലുദീൻ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, കൊട്ടാരക്കര
5. സുകുമാരൻ നായർ, എക്സൈസ് ഇൻസ്പെക്ടർ, ചാത്തന്നൂർ.
6. എസ്. നെൽസൺ, എക്സൈസ് ഇൻസ്പെക്ടർ, കൊട്ടാരക്കര
7. പി. ഉണ്ണികൃഷ്ണൻ, പ്രിവന്റീവ് ആഫീസർ, ചാത്തന്നൂർ റെയിഞ്ച്.
8. സി.എൻ. വിശ്വൻ, പ്രിവന്റീവ് ആഫീസർ, ചാത്തന്നൂർ റെയിഞ്ച്.
9. സുനിൽകുമാരപിള്ള, എക്സൈസ് പ്രിവന്റീവ് ആഫീസർ, ചാത്തന്നൂർ റെയിഞ്ച്.
10. എസ്. രാധാകൃഷ്ണൻ, പ്രിവന്റീവ് ആഫീസർ, കൊട്ടാരക്കര, റെയിഞ്ച്.
11. ജി. ബാലചന്ദ്രൻ, പ്രിവന്റീവ് ആഫീസർ, കൊട്ടാരക്കര റെയിഞ്ച്.
12. സി.കെ. ശശീന്ദ്രൻ, അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ, തിരുവനന്തപുരം
13. എൻകെ. കനകരാജൻ, മുൻ തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ.
14. എസ്. ശശിധരൻ, മുൻ ആറ്റിങ്ങൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ.
15. കെ. ഷറഫുദീൻ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, ആറ്റിങ്ങൽ.
16. ഗോപാലകൃഷ്ണൻ നായർ, എക്സൈസ് ഇൻസ്പെക്ടർ, ചിറയിൻകീഴ്.
17. സി.ഡി. സെബാസ്റ്റ്യൻ, മുൻ ചിറയിൻകീഴ് എക്സൈസ് ഇൻസ്പെക്ടർ.

ടി ഉദ്യോഗസ്ഥന്മാർക്ക് ഇതുവരെയും കുറ്റപത്രം നൽകിയിട്ടില്ല.

കൂടാതെ ആറ് എക്സൈസ് പ്രിവന്റീവ് ആഫീസർമാർ പതിനാറ് എക്സൈസ് ഗാർഡുമാർ ഒരു എക്സൈസ് ഇൻസ്പെക്ടർ, മൂന്നു ഡ്രൈവർമാർ എന്നിവരെ ബന്ധപ്പെട്ട സർക്കിൾ/റെയിഞ്ച് ആഫീസുകളിൽ നിന്നും സ്ഥലം മാറ്റിയിട്ടുണ്ട്.

(ഇ) ആഭ്യന്തര വകുപ്പിന്റെ കീഴിൽ ഇതിനായി രണ്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 5.12.2000-ലെ 55767/എസ്എസ്എ2/2000/ഫോം നമ്പർ നോട്ടിഫിക്കേഷൻ അനുസരിച്ച് ഒരു അന്വേഷണ കമ്മിഷനെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly